പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2705

20-03-2015 ൽ മറുപടി നൽകേണ്ടത്

## സി-ആപ്റ്റിന് ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിൻറിംഗ് മെഷീൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ നാരായണൻ : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) മുൻസർക്കാരിന്റെ കാലത്ത് സി-ആപ്റ്റിന് വേണ്ടി ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിൻറിംഗ് മെഷീൻ വാങ്ങാൻ തീരുമാനിച്ചതനുസരിച്ചുള്ള നടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്; | എ) യന്ത്രത്തെ സംബന്ധിച്ചുള്ള ചില സാങ്കേതിക ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിശദമായി പരിശോധിക്കുകയും ന്യൂനതകൾ പരിഷ്കരിച്ച് സമഗ്രമായ പ്രോപ്പോസൽ നൽകുവാൻ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഇപ്പോൾ നികുതി വകുപ്പിന്റെ പരിഗണനയിലാണ്. |
| ബി) പ്രസ്തുത തീരുമാനത്തിൽ നിന്ന് സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്; ഇതിനായി സാങ്കേതിക വിദഗ്ധർ നൽകിയിരുന്ന റിപ്പോർട്ടിൽ പോരായ്മ കണ്ടെത്തിയിട്ടുണ്ടോ; | ബി) ഇല്ല. സെന്ററിന് അനുയോജ്യമായ അതിനൂതന സവിശേഷതകളടങ്ങിയ ഒരു മെഷീൻ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്. |
| സി) പുറം കരാർ ഒഴിവാക്കി, സ്ഥാപനത്തിന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കാനുദ്ദേശിച്ചുള്ള പ്രസ്തുത തീരുമാനം മരവിപ്പിച്ച് പകരം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | സി) പുറം കരാർ ഒഴിവാക്കി സെൻറർ സ്വയം പ്രര്യാപ്തത കൈവരിക്കുവാൻ സെൻററിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളുമായാണ് മുന്നോട്ടു പോകുന്നത്. |
| ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ചിട്ടുള്ള ഉപദേശങ്ങൾ എന്തെല്ലാമാണ്; | ഡി) ആധുനിക യന്ത്രങ്ങൾ വാങ്ങുന്നതിനുവേണ്ടി ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി നിലവിലുണ്ട്. |

| | |
|---|---|
| നിലവിൽ സാങ്കേതിക ഉപദേശം നൽകുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; | കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പുതിയ മെഷീൻ വാങ്ങുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു. |
| (ഗ) മുൻസർക്കാരിന്റെ കാലത്ത് നടത്തിയ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; | (ഗ) 10/12/2012 ലെ സ.ഉ.(എം.എസ്) നം. 262/12/നികുതി പ്രകാരം നികുതി വകുപ്പ് മെഷീൻ വാങ്ങുവാൻ വായ്പയായി 4.5 കോടി അനുവദിച്ചതിനുശേഷം പ്രസ്തുത മെഷീൻ സപ്ലൈ ചെയ്യുന്നത് KSIE ആയിരിക്കും എന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് 20-08-2013 -ൽ ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം മെഷീൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സെന്റർ സ്വീകരിച്ച ടെണ്ടർ നടപടിക്രമങ്ങൾ അസാധുവാണെന്ന് കണ്ടെത്തിയിരുന്നു.<br>ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളും KSIE വഴി മെഷീൻ വാങ്ങുന്നത് അഭികാമ്യമായിരിക്കില്ല എന്ന് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ KSIE യെ ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയയ്ക്കാൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ലോട്ടറി വകുപ്പിനു വേണ്ടി ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിനും മറ്റ് അച്ചടിജോലികൾ നിർവ്വഹിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള അത്യാധുനികവും കൂടുതൽ സുരക്ഷാ സംവിധാനങ്ങളടങ്ങിയ ഒരു പുതിയ മെഷീൻ വാങ്ങുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ മെഷീൻ വാങ്ങുന്നതിന് വേണ്ടിയുള്ള 10 കോടി രൂപാ ധനസഹായം അഭ്യർത്ഥിച്ച് കൊണ്ട് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഇപ്പോൾ നികുതി വകുപ്പിന്റെ പരിഗണനയിലാണ്. |

(മറുപുറം)

| | |
|---|---|
| എഫ്) പുതിയതായി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എഫ്) ബാധകമല്ല |
| ജി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ | ജി) പുതിയ മെഷീൻ വാങ്ങുന്നതിനുവേണ്ടി സി-ഡിറ്റ് [illegible] ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അടങ്ങിയ ഫയൽ ഇപ്പോൾ നികുതി വകുപ്പിന്റെ പക്കലാണ്. |

സെക്ഷൻ ഓഫീസർ